LITERATURE

# തീരദേശഭാഷാവിഷ്കാരം-മലയാളനോവലിൽ

**ഡോ. ധന്യ പി.ഡി.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
കെ കെ ടി എം ഗവ. കോളേജ്
പുല്ലൂറ്റ്, തൃശ്ശൂർ
Email: pddhanya87@gmail.com

**സംഗ്രഹം**

ഭാഷ എന്നത് കേവലം ആശയവിനിമയത്തിനുള്ള ഉപകരണം മാത്രമല്ല, ചരിത്രപരവും സാമൂഹികവും രാഷ്ട്രീയവുമായ വ്യവഹാരമാണ്. ഭാഷ ഓരോ ജനതയുടെയും സ്വത്വത്തിന്റെതന്നെ ഭാഗമാണ്. കടലോരനിവാസികളുടെ ഭാഷയിൽ അവർ ജീവിക്കുന്ന പരിസരവുമായും ചെയ്യുന്ന തൊഴിൽ മേഖലയുമായും ബന്ധപ്പെട്ട പദങ്ങൾ കണ്ടെത്താൻ സാധിക്കും. എന്നാൽ തീരദേശഭാഷയും സംസ്കാരവും 'മുഖ്യധാര' അകറ്റിനിർത്തിയിരുന്നു. ചെറുതുകളെയും പലമകളെയും സാഹിത്യത്തിന്റെ കേന്ദ്രത്തിലേക്ക് എത്തിച്ച കീഴാളപ്രതിനിധാനത്തിന്റെ രാഷ്ട്രീയമാണ് തീരദേശഭാഷയെ ആവിഷ്കരിക്കാൻ സാഹിത്യത്തെ പര്യാപ്തമാക്കിയത്. മലയാളഭാഷയുടെ വരേണ്യപരിസരങ്ങളിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്ന തീരദേശഭാഷ സാഹിത്യത്തിൽ എപ്രകാരം ആവിഷ്കരിക്കപ്പെടുന്നു എന്ന അന്വേഷണമാണ് തെരഞ്ഞെടുത്ത നോവലുകളെ അടിസ്ഥാനമാക്കി ഈ പ്രബന്ധത്തിൽ നടത്തുന്നത്.

**താക്കോൽവാക്കുകൾ:** കീഴാളഭാഷാപ്രതിനിധാനം, തീരദേശഭാഷാഭേദം, ഭാഷയുടെ ജനാധിപത്യവല്ക്കരണം

## ആമുഖം

സവിശേഷാസ്തിത്വം പേറുന്ന തീരദേശജനതയുടെ ഭാഷയ്ക്കും സവിശേഷമായ മണ്ഡലങ്ങളുണ്ട്. ആവാസസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും തൊഴിൽ ബന്ധങ്ങളും സവിശേഷമായ തീരദേശഭാഷാഭേദം രൂപപ്പെടാൻ ഇടയാക്കിയിട്ടുണ്ട്. തീരദേശഭാഷാഭേദം എന്ന ഒരു ഏകശിലാത്മക രൂപത്തെ കേരളത്തിന്റെ തീരദേശത്തു നിന്ന് കണ്ടെടുക്കാനാവില്ല എന്നതാണ് വസ്തുത. ഓരോ പ്രദേശത്തും നിലനിൽക്കുന്ന ഭാഷാഭേദങ്ങളെത്തന്നെ പ്രയോഗിക്കുന്നതോടൊപ്പം, തൊഴിൽപരമായ സാങ്കേതിക പദങ്ങളും ഇവരുടെ ഭാഷയിൽ കടന്നുവരുന്നു.

**തീരദേശഭാഷയുടെ വികലാവിഷ്കാരം**

തീരദേശഭാഷയെന്നു കേൾക്കുമ്പോൾ ഏങ്കോണിപ്പുകളും നീട്ടലുകളും ചേർത്ത് സംഭാഷണത്തിൽ സൃഷ്ടിക്കപ്പെടുന്ന കൃത്രിമതയായി പൊതുസമൂഹം തെറ്റിദ്ധരിച്ചിട്ടുണ്ട്. 'ചെമ്മീൻ', 'അമരം' തുടങ്ങിയ ജനപ്രിയ സിനിമകളും ('ചെമ്മീനി'ന്റെ സാഹിത്യരൂപം തന്നെയും) തീരദേശഭാഷയെ വികലമായി സൃഷ്ടിച്ചു. ഇതാണ് തീരദേശത്ത് നിലനിൽക്കുന്ന യഥാർത്ഥ ഭാഷയെന്ന് കാഴ്ചക്കാർ തെറ്റിദ്ധരിച്ചു. അതേത്തുടർന്ന് ഇത്തരം 'വികലമാതൃക'കളെത്തന്നെ പിൻപറ്റിക്കൊണ്ടുള്ള സാഹിത്യ, കലാരൂപങ്ങൾ പിറവികൊണ്ടു.

സാറാതോമസ് 'വലക്കാർ' എന്ന നോവലെഴുതാൻ കൊല്ലത്തെ വാടി എന്ന തീരദേശ ഗ്രാമമാണ് പശ്ചാത്തലമാക്കിയത്. എന്നാൽ തികച്ചും കൃത്രിമമായ ഭാഷാശൈലിയാണ് ആ നോവലിൽ ഉപയോഗിച്ചിരിക്കുന്നത്.

"അപ്പാ നമുക്കിനി കഞ്ഞി കുടിച്ചാലോ, അപ്പോ മീനം എത്തും."

"എന്നാ വല തെക്കുപടിഞ്ഞാട്ടായി വിരിച്ചേക്കാം. ഇതാ കയറുപിടിക്ക്"(1994:25)

എന്നിങ്ങനെ മാനകഭാഷയോട് അടുത്തുനിൽക്കുന്ന ഭാഷാശൈലിയാണ് തീരദേശവാസികളുടേതെന്ന നിലയിൽ നോവലിസ്റ്റ് പ്രയോഗിക്കുന്നത്. അവിടുത്തെ സംഭാഷണഭാഷയിൽ ധാരാളം അശ്ലീലപദങ്ങൾ കടന്നുവരുന്നുണ്ടെന്നും എന്നാൽ അത്തരം പദങ്ങളെ നോവലിൽ ചേർത്തിട്ടില്ലെന്നും നോവലിസ്റ്റ് പ്രസ്താവിക്കുന്നു (1994:2). "നോവലിസ്റ്റിന്റെ ഈ നിർബന്ധബുദ്ധി ഭാഷാപരമായ തനിമകളെ ആവിഷ്കരിക്കുന്നതിന് തടസ്സം തന്നെയായിരുന്നു. മത്സ്യത്തൊഴിലാളികളായ മാതാപിതാക്കളും മക്കളും തമ്മിൽ നടത്തുന്ന സംഭാഷണത്തിൽ പോലും ഈ കൃത്രിമത്വം മുഴച്ചുനിൽക്കുന്നുണ്ട്" (സുനിൽ മർക്കോസ്, പി., 2012;200).

**കടപ്പുറഭാഷയുടെ നൈസർഗികത**

തീരദേശത്തെ സംഭാഷണശൈലിയെ അമ്മട്ടിൽതന്നെ നോവലുകളിൽ ഉപയോഗിക്കാൻ ശ്രമിക്കുന്ന കൃതികളുമുണ്ട്. 'ജീവിതത്തിന്റെ പുസ്തകം' എന്ന നോവലിൽ ഔദ്യോഗിക ജീവിതത്തിന്റെയും നഗരജീവിതത്തിന്റെയും വൈരസ്യം നിറഞ്ഞ ഭാഷയ്ക്ക് ബദലായി തീരദേശത്തെ മുക്കുവരുടെ നാടൻപ്രയോഗങ്ങളും വാമൊഴിയും മുന്തിനിൽക്കുന്ന മറ്റൊരു ഭാഷാരീതി നോവലിസ്റ്റ് അവതരിപ്പിക്കുന്നു. പ്രകൃതിയിൽനിന്നും ആദിമ മിത്തുകളിൽനിന്നും ആചാരാനുഷ്ഠാനങ്ങളിൽ നിന്നുമെല്ലാം വന്നുചേർന്ന സ്വാഭാവിക ഭാഷയാണ്, ഗോവിന്ദവർമ്മരാജയുടെ പരിഷ്കൃത ജീവിതത്തിൽ നിന്നുള്ള പിൻമടക്കത്തെ സൂചിപ്പിക്കാനായി ഉപയോഗിക്കുന്നത്. "ചോറ്റുപാത്രത്തെ കഞ്ഞിപ്പാട്ടകൊണ്ടും, വഴക്കി എന്നതിനെ ബൗതി എന്നതുകൊണ്ടും, വടക്കുപടിഞ്ഞാറിനെ വടോക്ക് കൊണ്ടും തെക്ക് പടിഞ്ഞാറിനെ തെന്ത്രാക്ക് കൊണ്ടും ശാരദ ഗോവിന്ദവർമ്മരാജയിൽ മാറ്റി സ്ഥാപിച്ചു" (രാമനുണ്ണി, കെ.പി., 2016:85). ആധുനികജീവിതത്തിന്റെ അടയാളമായി ഗോവിന്ദവർമ്മരാജയിൽ ശേഷിച്ചിരുന്ന 'വെല്യഭാഷ'പോലും കടപ്പുറജീവിതത്തിന്റെ നൈസർഗ്ഗിക ഭാഷയ്ക്ക് വഴിമാറുന്നുണ്ട്.

**'ലന്തൻബത്തേരി'യിലെ ഭാഷാശൈലി**

കൊച്ചിയുടെ തീരദേശങ്ങളിലെ ഭാഷാപരമായ സവിശേഷതകളെ 'ലന്തൻബത്തേരിയിലെ ലുത്തിനിയകൾ' എന്ന നോവൽ സൂക്ഷ്മമായവതരിപ്പിക്കുന്നു. കൊച്ചിയുടെ തീരദേശത്ത്

 ISSN: 2582 - 2594

സംസാരിക്കുന്ന ഞങ്ങ, നിങ്ങ, നമ്മ, പോകാമ്പോണേണ്, മറക്കാമ്പറ്റണില്ല, നോക്കണേണ്, ചെയ്യണേണാ തുടങ്ങിയ പദങ്ങൾ അടങ്ങിയ ഭാഷാശൈലി അസാമാന്യവഴക്കത്തോടെ നോവലിസ്റ്റ് പ്രയോഗിച്ചിരിക്കുന്നു.

"കൊറച്ച് കഴിയുമ്പ എല്ലാവരും എല്ലാക്കാര്യങ്ങളും മറക്കണേണെങ്കില് നമ്മ പഠിക്കണ ഹിസ്റ്ററി എണ്ടായത് എങ്ങനേണ് " (2003:97)

"കാര്യമൊണ്ട്. എക്ക വല്യ കഥേണ്. ഞങ്ങ പോലീസുകാര പേടിച്ച് വന്നേക്കണേണ്" (2003:65)

ഇങ്ങനെ കൊച്ചിയുടെ തീരപ്രദേശങ്ങളിൽ നിലനിൽക്കുന്ന ഭാഷാശൈലിയുടെ ധാരാളം ഉദാഹരണങ്ങൾ 'ലന്തൻബത്തേരിയിലെ ലുത്തിനിയ'കളിൽനിന്ന് കണ്ടെടുക്കാനാകും.

ജോസഫ് വൈറ്റിലയുടെ 'സ്നേഹത്തിന്റെ മുറിവുകൾ' എന്ന നോവലിലും കൊച്ചിത്തീരത്തിന്റെ ഭാഷാശൈലി ദർശിക്കാം.

"നമ്മുടപ്പന ആശാന് വെല്ലിഷ്ടോണ്" (2006:35)

"എന്റെ കർത്താവെ! നീയിതെന്ത് ചെയ്യാമ്പോണ്" (2006:36) എന്നിങ്ങനെ കൊച്ചിയുടെ തീരദേശങ്ങളിൽ നിലവിലുള്ള ഭാഷാശൈലി തന്നെയാണ് നോവലിസ്റ്റ് പ്രയോഗിക്കുന്നത്.

**തീരഭാഷയുടെ അനന്യത**

'രാജാക്കന്മാരുടെ പുസ്തകം' എന്ന നോവലിൽ കെ.എ. സെബാസ്റ്റ്യൻ, ആലപ്പുഴജില്ലയിലെ ചെത്തി, അർത്തുങ്കൽ എന്നീ തീരദേശങ്ങളിലെ ഭാഷാസവിശേഷതകൾ സൂക്ഷ്മമായി ഉൾച്ചേർത്തിരിക്കുന്നു.

"എന്റെ പൊന്നുകുടപ്പിറപ്പുകളേ, അയലോത്തുകാരേ, ഞങ്ങടാങ്ങത്തെ നാപ്പ് ഇതേവരെ വന്നിട്ടില്ല"

"അപ്പ ഞങ്ങയെങ്ങനെ കൊതപ്പടക്കും?"

"ഞങ്ങ വെള്പ്പ്നെ ഷെമിച്ച്"

"നമ്മ ചൈനക്ക തല്ല് മേടിക്കേം"

"എന്റമ്മേച്യോ! എന്റെ നീറ്റമ്മച്യോ! മൂന്ന് ലെച്ചേ! ഇത്ന്റെ നാലിലൊന്ന് കാശൊണ്ടെങ്കി മൊട്ടക്കോഴീന വളർത്തി കോടീചൊരിയാകാം".

ഞങ്ങ, നിങ്ങ, നമ്മ അവനിക്ക (അവന്റെ), ഇവ (ഇവൾ) തുടങ്ങിയ പദങ്ങൾ ചെത്തിയിലെ സംഭാഷണ ഭാഷയിൽ ധാരാളമായി കടന്നുവരുന്നു. തീരദേശത്ത് അന്യം നിന്നു പോകുന്ന ചില പദങ്ങളെ സെബാസ്റ്റ്യൻ നോവലിൽ ഉപയോഗിക്കുന്നുണ്ട്.

"കഴിഞ്ഞ മുപ്പത് ദിവസവും മാതാവിന്റെ വണക്കമാസം ആചരിക്കുകയായിരുന്നു ഇന്ന് കടശ്ശി. ഇന്ന് മാതാവ് വരും"

"അമ്മ വീണ്ടും സങ്കടങ്ങളാൽ പൊതിഞ്ഞു. കടശ്ശി മനസ്സില്ലാമനസ്സോടെ മുട്ടകൾക്കു മീതെ മണൽ വിതറി"

തുടങ്ങിയ വാക്യങ്ങളിലെല്ലാം ആവർത്തിക്കുന്ന 'കടശ്ശി' എന്ന പദം ഇന്ന് തീരദേശത്തെ സംഭാഷണത്തിൽ ലുപ്തമായിക്കൊണ്ടിരിക്കുന്നു. ഈ പദത്തിന് അവസാനം എന്നാണ് അർത്ഥം.

സന്ധ്യാസമയത്തെ സൂചിപ്പിക്കുന്ന 'മുരിക്കപ്പാട്'', 'ഉത്തിരിപ്പുകടം', 'അന്നാട്ടുപുള്ളി', 'കഴ്ണ്'' തുടങ്ങി പ്രയോഗലുപ്തമായിക്കൊണ്ടിരിക്കുന്ന നിരവധി പദങ്ങളെ സെബാസ്റ്റ്യൻ ഉപയോഗിക്കുന്നു. ക്രിസ്തുമസ് എന്നതിനുപകരം 'നത്താൾ' എന്ന പദമാണ് നോവലിസ്റ്റ് ഉപയോഗിക്കുന്നത്.

### സങ്കരസംസ്കാരത്തിന്റെ പദാവലികൾ

തീരദേശത്തെ സങ്കരസംസ്കാരത്തിന്റേതായ പദാവലികളാൽ സമ്പന്നമാണ് ജോണി മിറാൻഡയുടെ 'ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയുള്ള ഒപ്പീസ്''. നോന, ചൂച്ചി, പപ്പാഞ്ഞി, മമ്മാഞ്ഞി, മാണ, കൊസമ്മ തുടങ്ങിയ സ്ഥാനപ്പേരുകളെല്ലാം ഇന്ന് കൊച്ചിയിലെ സങ്കരസംസ്കാരക്കാർ തന്നെ മറന്നു തുടങ്ങിയിരിക്കുന്നു. "എല്ലാവരും ഒരേ തരം മലയാളം പറയുകയും ഒരേ ജീവിതം ജീവിക്കുകയും ചെയ്യുന്ന ഈ കാലത്ത് നഷ്ടപ്പെടുന്ന ഒരു ജീവിതവും ഭാഷയും അടയാളപ്പെടുത്താൻ കൂടി എഴുത്തിലൂടെ കഴിഞ്ഞത് ഭാഗ്യമായി കരുതുന്നു" എന്ന് നോവലിസ്റ്റ് തന്നെ പറയുന്നുണ്ട് (2015:8).

### ഭാഷയുടെ ജനാധിപത്യവല്ക്കരണം

പകരം വയ്ക്കാനില്ലാത്ത തീരദേശഭാഷയുടെ സൗന്ദര്യം അശരണരുടെ സുവിശേഷത്തിൽ കാണാം. ഈ കൃതിയിൽ തീരദേശജീവിതത്തിന്റെ ചുറ്റുപാടുകൾ, അവിടുത്തെ ജനങ്ങൾ, അവരുടെ സംസാരരീതി തുടങ്ങിയവയെല്ലാം സൂക്ഷ്മമായി പുനരവതരിപ്പിക്കപ്പെടുന്നു. തീരഗ്രാമങ്ങളുടെ തനിമ നിറയുന്ന പദസഞ്ചയം ഈ നോവലിനെ മലയാളസാഹിത്യത്തിൽ വേറിട്ടു നിറുത്തുന്നു. ക്രിസ്തുമസ് എന്ന പദത്തിനു പകരം നത്താൾ എന്ന പ്രയോഗം ഈ കൃതിയിൽ കാണാം. പ്രയോഗിക്കപ്പെടുന്ന ഓരോ വാക്കിന്റെയും അസ്തിത്വം അത് നിലനിൽക്കുന്ന കാലത്തിന്റെയും പ്രദേശത്തിന്റെയും അടിവേരുകളോളം ചെന്നെത്തുന്നതാണ്. അതുകൊണ്ടുതന്നെ നത്താൾ എന്നതിനുപകരം ക്രിസ്തുമസ് എന്ന പദം ഉപയോഗിക്കാനാവില്ലെന്ന് ഫ്രാൻസിസ് നൊറോണ പറയുന്നു. "'നത്താൾ' എന്ന പദം എന്നെ ഒരു തീരദേശഗ്രാമത്തിലേക്കു കൊണ്ടുപോകുന്നു. ധനുമാസത്തിലെ മഞ്ഞു കാലത്ത്, ഇല്ലായ്മകളിൽ, ഇറച്ചിയോ മറ്റുവിഭവങ്ങളോ ഇല്ലാതെ ഉണക്ക മാന്തൾ ചുട്ട്, കടലാസുകൊണ്ടു തല്ലിക്കൂട്ടിയുണ്ടാക്കിയ നക്ഷത്രവും തൂക്കി നടത്തുന്ന വളരെ എളിയ ഒരു ആഘോഷത്തെയാണ് നത്താൾ എന്ന പദം ഓർമ്മിപ്പിക്കുന്നത്. തീരദേശഗ്രാമങ്ങളിലെ ദാരിദ്ര്യത്തിൽ നിന്നും വിടരുന്ന വർണ്ണങ്ങൾ. അതൊരിക്കലും ക്രിസ്മസ് എന്ന വാക്കിൽ നിന്നു കിട്ടില്ല. നത്താളിനു നത്താളിന്റേതായ ബലവും അർത്ഥവുമുണ്ട്" (ഫ്രാൻസിസ് നൊറോണ, 2019). ഇങ്ങനെ പാർശ്വവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഭാഷയെ മലയാളത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് ഇത്തരത്തിലുള്ള ഭാഷാഭേദങ്ങളും ഇവിടെ നിലനില്ക്കുന്നുണ്ടെന്നും അവ ഉൾവഹിക്കുന്ന സംസ്കാരബോധ്യങ്ങളെക്കൂടി ഉൾക്കൊള്ളേണ്ടതുണ്ടെന്നും ഓർമ്മിപ്പിക്കുകയാണ് നോവലിസ്റ്റ്.

അവസാനം എന്നർത്ഥം വരുന്ന കടശ്ശി തീരദേശങ്ങളിൽ വ്യാപകമായി ഉപയോഗിച്ചിരുന്ന പദമാണ്. എന്നാൽ ഇന്നിത് പ്രയോഗലുപ്തമായിക്കൊണ്ടിരിക്കുന്നു. ഉപയോഗത്തിൽനിന്ന് ഒഴിവാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇത്തരം വാക്കുകളെ ഫ്രാൻസിസ് നൊറോണ ബോധപൂർവ്വംതന്നെ നോവലിലുപയോഗിക്കുന്നു. ബൈബിളുമായി ബന്ധപ്പെട്ട മിത്തുകളും ലത്തീൻ ക്രൈസ്തവരുടെ ആചാരങ്ങളുമായി ബന്ധപ്പെട്ട വാക്കുകളും നോവലിൽ കടന്നുവരുന്നു.

 ISSN: 2582 - 2594

ചവിട്ടാശാന് ഒടുക്കത്തെ ഒപ്രുശ്മ കൊടുക്കണം (2019:31)

പ്രതിഷ്ഠാതൈലം പൂശുമ്പോഴും ഹന്നാൻ വെള്ളം തളിക്കുമ്പോഴും കരഞ്ഞുകൊണ്ടിരുന്ന കുഞ്ഞിനെ സാന്ത്വനിപ്പിക്കാൻ പതിരിഞ്ഞമ്മ പാടുപെട്ടു ( 2019:23)

ദൈവമേ ആരാണീ ചാവുകരിക്കലിനു വഞ്ചിയിറക്കിയത് ( 2019:32)

ആകാശം ദർശനക്കാരുടെ ഓപ്പപോലെ കിടന്നു ( 2019:33)

മുഖ്യധാരാഎഴുത്തുരീതികൾ ഏറെയൊന്നും എടുത്തുപയോഗിക്കാത്ത പദങ്ങൾ ഈ വാചകങ്ങളിൽ കാണാം.

മത്സ്യബന്ധനവുമായും കടലുമായും ബന്ധപ്പെട്ട് തീരദേശക്കാർ ഉപയോഗിക്കുന്ന തൊഴിൽബന്ധപദങ്ങളും നോവൽ സ്വീകരിക്കുന്നുണ്ട്. കച്ചാൻ കാറ്റ്, ഒടിച്ചുകുത്തി, വള്ളക്കള്ളി, വില്ലിപ്പടി, കാവുകാർ ഇങ്ങനെയുള്ള വാക്കുകൾ നോവലിൽ യഥേഷ്ടം കടന്നുവരുന്നു. പകരം വയ്ക്കാനില്ലാത്ത വാക്കുകളുടെ അനന്യതയാണ് ഇവ പ്രദാനം ചെയ്യുന്നത്. പരിശുദ്ധാത്മാവ് എന്നതിനു പകരം റൂഹ, ശുദ്ധീകരണ സ്ഥലത്തിന് ബേസ് പ്രക്കാന തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുമ്പോൾ, നഷ്ടപ്പെടുന്ന ചില നാടൻ പദപ്രയോഗങ്ങളെക്കുറിച്ചുള്ള ഗൗരവതരമായ ആലോചനയായി അത് മാറുന്നു.

മത്സ്യബന്ധനത്തിനായി രാത്രി പോകുന്നവർക്ക് കാണാൻ സാധിക്കുന്ന ഒരു കാഴ്ചയാണ്, മീനുകൾ കൂട്ടം ചേർന്ന് സഞ്ചരിക്കുമ്പോഴുണ്ടാകുന്ന വെളിച്ചം. മീൻപൊലപ്പ് എന്നാണ് ഇത് തീരദേശവാസികൾക്കിടയിൽ അറിയപ്പെടുന്നത്. മലയാളസാഹിത്യത്തിന് സുപരിചിതമല്ലാത്ത ഈ വാക്ക് അശരണരുടെ സുവിശേഷത്തിൽ കടന്നുവരുന്നുണ്ട്. കടച്ചങ്ക്, കരിക്കലുനേരം, വടനീര് ഇങ്ങനെ ഭാഷ അപൂർവ്വമായി മാത്രം കൈകാര്യം ചെയ്തിട്ടുള്ള തീരദേശഗ്രാമ്യപദങ്ങൾ നോവൽ സ്വീകരിക്കുന്നു.

തീരദേശത്തു ജനിച്ചുവളർന്ന എഴുത്തുകാർ പോലും കടലുമായി ബന്ധപ്പെട്ട പദങ്ങളെ എഴുതാൻ മടിച്ചിരുന്നു. എന്നാൽ തത്സ്ഥിതി മാറുന്നതിന്റെ സൂചനയാണ്, മലയാളഭാഷ തൊടാൻ മടിച്ചുനിന്ന തീരദേശഭാഷാശേഖരത്തിൽ നിന്ന് കണ്ടെടുക്കുന്ന പദങ്ങൾ ഇന്ന് മലയാളസാഹിത്യം ഉൾക്കൊള്ളുന്നുവെന്നത്. കടലിനോടു ചേർന്നു ജീവിക്കുന്ന പല എഴുത്തുകാർക്കും ഈ മണ്ണിന്റെ ഭാഷയെ അടയാളപ്പെടുത്താനായിട്ടില്ല. 'അവളുടെ നയനങ്ങളിൽ ആഹ്ലാദത്തിന്റെ വേലിയേറ്റം' എന്ന് അവർ എഴുതിയ ഇടത്തിൽ നിന്നുമാണ് 'അവടെ കണ്ണേ മീൻ പുലപ്പെന്ന്' തീരജീവിതത്തെ കാച്ചിക്കുറുക്കി എഴുതാനുള്ള ശ്രമങ്ങൾ തുടങ്ങുന്നത്. ലാളിത്യത്തിന്റെ ഈ ഭാഷാസൗന്ദര്യം മലയാളി അവന്റെ വായനയിൽ ഇരുകൈയും നീട്ടി സ്വീകരിക്കുന്നുമുണ്ട്. (ഫ്രാൻസിസ് നൊറോണ, 2019) സാധാരണജനങ്ങളുടെ ജീവിതത്തെ അടയാളപ്പെടുത്തുന്നതിന് പാർശ്വവല്ക്കരിക്കപ്പെട്ടുപോയ ഭാഷയെ കൂട്ടുപിടിക്കുന്നത് ഒരു രാഷ്ട്രീയ പ്രതിരോധമാണ്.

**ഉപസംഹാരം**

ഭാഷ ഒരു ആശയവിനിമയ മാർഗമെന്നതിൽ ഒതുങ്ങുന്നതല്ല; അതൊരു സമൂഹത്തിന്റെ ചരിത്രം, ജീവിതാനുഭവം, സാമൂഹിക ബന്ധങ്ങൾ, രാഷ്ട്രീയബോധം എന്നിവയുടെ പ്രതിഫലനമാണ്. ജനതയുടെ സാംസ്കാരിക സ്വത്വത്തെയും ജീവിതരീതിയെയും ഭാഷ ആഴത്തിൽ പ്രതിനിധീകരിക്കുന്നു. കടലിനോട് ചേർന്ന് ജീവിക്കുന്നവർ സംസാരിക്കുന്ന ഭാഷയിൽ അവരുടെ

ജീവിതമേഖലയായ സമുദ്രവും മത്സ്യബന്ധനവുമൊക്കെയുമായി ബന്ധമുള്ള പ്രത്യേക പദാവലികൾ നിറഞ്ഞിരിക്കുന്നു. എന്നാൽ, ഈ തീരദേശജീവിതത്തെയും അതിന്റെ ഭാഷയെയും മുഖ്യധാരാസംസ്കാരം ദീർഘകാലമായി അവഗണിച്ചു. പിന്നോക്കവിഭാഗങ്ങളുടെ അനുഭവങ്ങളും ഭാഷയും പ്രതിനിധാനം ചെയ്യാനുള്ള സാമൂഹ്യ-സാഹിത്യ നീക്കങ്ങളാണ് തീരദേശഭാഷയെ സാഹിത്യചർച്ചയുടെ ഭാഗമാക്കിയത്. ഇതുവരെ മലയാളഭാഷയുടെ പ്രധാനധാരയിൽ ഉൾപ്പെടാതെനിന്ന ഈ തീരദേശഭാഷയും സംസ്കാരവും, പുതിയ കാലഘട്ടത്തിലെ നോവലുകളിൽ എങ്ങനെയാണ് പ്രത്യക്ഷപ്പെടുന്നതെന്നത് പ്രത്യേക പരിഗണന അർഹിക്കുന്ന വിഷയമാണ്.

തീരദേശത്തെ സംഭാഷണശൈലിയുടെ അനന്യത ആഖ്യാനത്തിലേക്ക് ആവാഹിച്ചത് പുതിയകാല സാഹിത്യകൃതികളാണ്. പി.എഫ്. മാത്യൂസ്, ജോണി മിറാൻഡ, കെ.എ.സെബാസ്റ്റ്യൻ, സെബാസ്റ്റ്യൻ പള്ളിത്തോട്, ജോർജ്ജ് ജോസഫ് തുടങ്ങിയവരെല്ലാം 'ആന്തം പോലെ മൂർച്ചയുള്ള' തീരദേശ വാമൊഴിയെക്കൂടി എഴുത്തിലേക്ക് കൊണ്ടുവന്ന് മലയാളസാഹിത്യത്തിന്റെ ഭാഷാപരമായ അതിർവരമ്പുകളെ വികസിപ്പിച്ചു. ചരിത്രത്തിന്റെ അനുസ്യൂതികളിൽ നിരന്തരം അവഗണിക്കപ്പെട്ടവരുടെ ശബ്ദങ്ങൾ അതിന്റെ സവിശേഷതയോടെതന്നെ ആവിഷ്കരിക്കുന്ന രീതി സാഹിത്യത്തിൽ നാളിതുവരെ നിലനിന്നിരുന്ന മാനകഭാഷയെന്ന സങ്കല്പത്തിൽ പിളർപ്പുകൾ വീഴ്ത്താൻ പര്യാപ്തമായിട്ടുണ്ട്. തീരദേശത്തെ വ്യവഹാരഭാഷയെന്ന നിലയിൽ 'ചെമ്മീൻ' പോലെയുള്ള സാഹിത്യകൃതികളും ജനപ്രിയസിനിമകളും പൊതുസമൂഹത്തിൽ സൃഷ്ടിച്ചെടുത്ത ഭാഷാസങ്കല്പനങ്ങളെ തകർക്കുന്ന പ്രക്രിയയ്ക്ക് ഇവ ആക്കംകൂട്ടി. മാനകഭാഷയിലുള്ള ശ്രേണീകരണങ്ങളെ വെല്ലുവിളിച്ച് എല്ലാത്തരം വാക്കുകൾക്കും (ഉദാത്തവും നാടോടിയും ആഢ്യവും അശ്ലീലവും) ഒരേ പ്രാധാന്യം നൽകി ഭാഷയെ ജനാധിപത്യവല്ക്കരിക്കുന്നതിനെക്കുറിച്ച് സച്ചിദാനന്ദൻ എഴുതുന്നുണ്ട് (2014:20). ആഢ്യവർഗ്ഗങ്ങളുടെയും അധികാരികളുടെയും ഭാഷാശൈലിക്ക് ബദലായി തീരദേശഭാഷ സാഹിത്യത്തിൽ കടന്നുവരുന്നത് ഭാഷയിൽ നടക്കുന്ന ജനാധിപത്യവല്ക്കരണത്തിന് തെളിവാണ്.

## ആധാരസൂചി


അനിൽകുമാർ, ഡി. 2019 കടപ്പെറപാസ, പ്രവദാബുക്സ്, കൊല്ലം

ജെർസൻ സെബാസ്റ്റ്യൻ 2019 ഞാങ നീങ, സ്ഥിതി പബ്ലിക്കേഷൻസ്, കൊല്ലം

ജോണിമിറാൻഡ 2015 ജീവിച്ചിരിക്കുന്നവർക്കു വേണ്ടിയുള്ള ഒപ്പീസ്, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

ജോസഫ് വൈറ്റില 2006 സ്നേഹത്തിന്റെ മുറിവുകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്

ഫ്രാൻസിസ് നൊറോണ 2018(2019) അശരണരുടെ സുവിശേഷം, ഡി.സി. ബുക്സ് കോട്ടയം

മാധവൻ, എൻ.എസ്. 2003, ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ, ഡി.സി. ബുക്സ്, കോട്ടയം

രാമനുണ്ണി, കെ.പി. 2012 (2006) ജീവിതത്തിന്റെ പുസ്തകം, ഡി.സി. ബുക്സ്, കോട്ടയം

ശിവശങ്കരപ്പിള്ള തകഴി 2011 (1956) ചെമ്മീൻ, ഡി.സി. ബുക്സ്, കോട്ടയം

സച്ചിദാനന്ദൻ 2014 'ഭാഷയുടെ പ്രതിലോകങ്ങൾ, ജീവിതത്തിന്റെ പുസ്തകത്തിന്റെ ഭാഷാ രാഷ്ട്രീയം', ഭാവിയുടെ പുസ്തകം (സുരേഷ്, പി. (എഡി.)), കറന്റ് ബുക്സ്, തൃശ്ശൂർ.

സാറാതോമസ് 1994 വലക്കാർ, എൻ.ബി.എസ്., കോട്ടയം

സെബാസ്റ്റ്യൻ, കെ.എ. 2005 (2004) രാജാക്കന്മാരുടെ പുസ്തകം, ഡി.സി. ബുക്സ്, കോട്ടയം

സുനിൽ മർക്കോസ്, പി. 2012 കടത്തീരജനതയുടെ സംസ്കാരം മലയാള നോവലിൽ, എം.ജി.യൂണിവേഴ്സിറ്റി, കോട്ടയം



ISSN: 2582 - 2594